**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3275** **01-03-2023 - ൽ മറുപടിയ്ക്ക്**

**യു.പി. സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്/കന്നഡ യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള യോഗ്യത, മലയാളം മീഡിയം യു.പി.സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള യോഗ്യതയുമായി താരതമ്യം ചെയ്ത് ആവശ്യമായ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കാമോ; | (എ) | നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | മലയാളം മീഡിയം യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള നിലവിലെ യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; യോഗ്യതയിൽ പുതിയതായി മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXI ലെ ചട്ടം 3 ൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളാണ് നിലവിൽ യു.പി സ്കൂൾ മലയാളം മീഡിയം അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നത്. യു.പി.എസ്.റ്റി മലയാളം മീഡിയം തസ്തികയിലെ നിയമനത്തിന് എസ്.എസ്.എൽ.സി.യ്ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പ്രാദേശിക ഭാഷയായ മലയാളം പഠിച്ചിട്ടില്ലാത്തവർക്ക് അർഹതയില്ലായെന്ന് 19.03.2002 ലെ സ.ഉ(സാധാ)നം. 534/2002/ പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു.<br><br>എന്നാൽ, ടി ഉത്തരവിൽ, 22.05.2018 ലെ സ.ഉ(കൈ)നം. 67/2018/പൊ.വി.വ പ്രകാരം, "സെക്കന്ററി/ ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ ബിരുദാനന്തര/ അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി സ്കൂൾ റ്റീച്ചർ/ യു.പി സ്കൂൾ റ്റീച്ചർ നിയമനത്തിന് അർഹരാണ് " എന്ന് ഭേദഗതി വരുത്തിയിരുന്നു. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ 22.05.2018 ലെ സ.ഉ(കൈ)നം. 67/2018/പൊ.വി.വ ഉത്തരവ് 24.02.2023 ലെ സ.ഉ(കൈ)നം. 19/2023/പൊ.വി.വ പ്രകാരം റദ്ദാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തമിഴ്/കന്നഡ യു.പി. സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള നിലവിലെ യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; യോഗ്യതയിൽ പുതിയതായി മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXI ലെ ചട്ടം 3 ലും ആയതിന്റെ ചുവടെ ചേർത്തിരിക്കുന്ന വിശദീകരണം I A, II എന്നിവയിലും പരാമർശിച്ചിട്ടുള്ള യോഗ്യതകളാണ് നിലവിൽ യു.പി സ്കൂൾ തമിഴ്/കന്നഡ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നത്. യോഗ്യതയിൽ പുതിയതായി മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ